(ഡി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഇ) പത്തനംതിട്ട ജില്ലയിലെ ഒഴിവുകൾ സ്ഥിര നിയമനം നടത്തുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നികത്തുന്നതിനു വേണ്ട നിർദ്ദേശം പത്തനംതിട്ട ജില്ലാ ആഫീസർക്ക് നൽകിയിട്ടുണ്ട്.

ഹോമിയോ ആശുപത്രിയിലെ ഒഴിവുകൾ

134 (145) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹോമിയോപ്പതി ആശുപത്രികളിൽ വളരെ കാലമായി നിരവധി തസ്തികകൾ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിവരം വിശദമാക്കാമോ ;

(സി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാരണം ഇപ്പോഴുള്ള ജീവനക്കാർ അധികം ജോലി ചെയ്യേണ്ടി വരികയും രോഗികൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മെഡിക്കൽ ആഫീസർ	-	58
ക്ലാർക്ക്	-	20
ഫാർമസിസ്റ്റ്	-	59
അറ്റൻഡർ	-	60
പ്യൂൺ	-	6
പി.റ്റി.എസ്	-	50

(സി) ഇതിൽ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, അറ്റൻഡർ, പ്യൂൺ, എന്നിവരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.റ്റി.എസ് തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാൻ ഡി.എം.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ

135 (146) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന ഹോമിയോപ്പതി വകുപ്പിൽ 58 മെഡിക്കൽ ആഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് കാരണം രോഗികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly